# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 645 — 25.05.2017-ൽ മറുപടിക്ക്

## ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുവാൻ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ് : | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br>1.പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.<br>2.പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി അനുപാതം മെച്ചപ്പെടുത്തുക.<br>3.നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring).<br>4. സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ.<br>5. മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bundled Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക.<br>6. മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക |
| (ബി) | എത്ര പുതിയ വൈദ്യുതി കണക്ഷനുകളാണ് ഒരു വർഷക്കാലയളവിനുള്ളിൽ നൽകാനുദ്ദേശിക്കുന്നത്; | (ബി) | 2017-18 കാലയളവിൽ മൂന്നു ലക്ഷത്തിൽ പരം വൈദ്യുതി കണക്ഷനുകൾ നൽകാനു |

| | | | |
|---|---|---|---|
| | | | ണ്ടാകുമെന്നാണ് കണക്കാക്കുന്നത്. |
| (സി) | ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി ഏതെല്ലാം വിതരണ ലൈനുകളാണ് കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാം; | | വിതരണ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18 കാലയളവിൽ 2725 കി.മി. 11 kV ലൈൻ വലിച്ച് 2508 ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ആണ് ഉദ്ദേശിക്കുന്നത്, ഇതിൽ 1100 ഓളം കി.മി കവചിത കേബിൾ ആണ് ഉപയോഗിക്കുന്നത് (800 കി.മി ABC-യും 300 കി.മി ഭൂഗർഭ കേബിളും) കൂടാതെ നിലവിലുള്ള 1754 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആയി മാറ്റുകയും 1000 കി.മി. HT ലൈനും 7500 കി.മി ,LT ലൈനും മെച്ചപ്പെട്ട കമ്പി ഉപയോഗിച്ച് പുനർനിർമ്മിക്കാനും, പുതിയ കണക്ഷനുകൾ നൽകുന്നതിനും മറ്റുമായി ഏകദേശം 3000 കി.മി. LT ലൈനും (430 കി.മി ABC കവചിത കേബിൾ ഉൾപ്പെടെ) നിർമ്മിക്കാനുമാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഈ രംഗത്ത് മുൻ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | (ഡി) | മുൻ സർക്കാരിന്റെ കാലത്ത് (5 വർഷത്തെ ഭരണകാലയളവിൽ) വിതരണ മേഖലയിൽ 20,99,316 വൈദ്യുത കണക്ഷനുകൾ നൽകുകയും 9,989 കി.മീ 11 കെ.വി ലൈൻ, 19,284 കി.മീ എൽ.റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും 16,348 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 13,272 കി.മീ, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും 38,71,999 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

Kemeleklle

**സെക്ഷൻ ഓഫീസർ**